LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്ത് വകുപ്പിന് വനം വകുപ്പിൽ ഭൂമി വിട്ടുകിട്ടുന്നതിന് നടപടി

292 (2121) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ നിരന്തരമായ വാഹന അപകടങ്ങൾ സംഭവിക്കുന്ന വാഴക്കോട് ജംഗ്ഷനിലെ കൊടും വളവ് ഒഴിവാക്കുവാനായി പൊതുമരാമത്ത് വകുപ്പിന് വനംവകുപ്പിൽ നിന്നും കുറച്ചു ഭൂമി വിട്ടുകിട്ടുന്നതിനുള്ള അപേക്ഷയിൻമേൽ വനംവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച അപേക്ഷ വനം വകുപ്പിന് എപ്പോഴാണ് ലഭിച്ചതെന്നും അതിൻമേൽ നടപടി സ്വീകരിക്കുന്നതിനുള്ള തടസ്സങ്ങൾ ഏതെല്ലാമാണെന്നും പറയാമോ ;

(സി) വനംവകുപ്പിൽനിന്നും ഭൂമി വിട്ടുനൽകുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ &ബി) പ്രസ്തുത ആവശ്യത്തിന് ഭൂമി വിട്ടുകിട്ടുന്നതിനായി പുതുക്കിയ വനസംരക്ഷണ നിയമം/ചട്ട പ്രകാരം അപേക്ഷകൾ യാതൊന്നും തന്നെ വനം വകുപ്പിന് ലഭ്യമായിട്ടില്ല. അതിനാൽ തുടർ നടപടികളൊന്നും സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

(സി) പൊതുമരാമത്ത് വകുപ്പ് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് 1980-ലെ വനസംരക്ഷണ നിയമത്തിലെ നിബന്ധനകൾക്ക് വിധേയമായി നടപടികൾ സ്വീകരിക്കുന്നതാണ്.

ചന്ദനമരങ്ങളുടെ മോഷണം

293 (2122) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു നിന്ന് ചന്ദനമരങ്ങളുടെ മോഷണം നിയന്ത്രിക്കുന്നതിനായി വനംവകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും പ്രസ്തുത നടപടികൾ ഫലപ്രദമാണോയെന്നു പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മറയൂർ ചന്ദന ഡിവിഷനിൽ നിന്നും പ്രതി വർഷം മുറിച്ച് മാറ്റപ്പെട്ട ചന്ദനമരങ്ങളുടെ എണ്ണം, ബുക്ക് ചെയ്ത ഒ.ആർ. കേസുകളുടെ എണ്ണം, നഷ്ടപ്പെട്ട ചന്ദനത്തിന്റെ തൂക്കം, കസ്റ്റഡിയിലെടുത്ത ചന്ദനത്തിന്റെ തൂക്കം, അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണം, ചാർജ്ജ് ചെയ്ത കേസുകളുടെ എണ്ണം എന്നിവ പ്രത്യേകം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ചന്ദന റിസർവ്വിൽ ചെയിൻലിംഗ്ഡ് ഫെൻസിംഗും സോളാർ ഫെൻസിംഗും സ്ഥാപിച്ചും, പകൽ-രാത്രി കാലങ്ങളിൽ ജീവനക്കാരേയും, ദിവസവേതന വാച്ചർമാരേയും ചന്ദന സംരക്ഷണ പ്രവർത്തനങ്ങൾക്കായി നിയോഗിച്ചും, ഡോഗ്സ്ക്വാഡിന്റെ സേവനവും, രാത്രികാലങ്ങളിൽ റിസർവ്വിനകത്തും പുറത്തും വാഹനങ്ങളിൽ പട്രോളിംഗ് നടത്തിയും ചന്ദനമര മോഷണം നിയന്ത്രിക്കുന്നതിനായി സംരക്ഷണപ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ വനസംരക്ഷണ സമിതി അംഗങ്ങളുടെ സേവനവും പ്രയോജന പ്പെടുത്തുന്നു. വനം വകപ്പ് ജീവനക്കാർക്ക് റൈഫിൾ, പിസ്റ്റൽ തുടങ്ങിയ ആയുധങ്ങൾ നൽകിയും ചന്ദനമോഷ്ടാക്കളെ പിടികൂടുന്നതിനായി ചന്ദന റിസർവ്വിൽ പ്രത്യേക സ്ഥലങ്ങളിൽ ഒളിക്യാമറ ഘടിപ്പിച്ചും ചന്ദനമോഷണം ഫലപ്രദമായി തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ചന്ദന റിസർവ്വിനകത്ത് അനധികൃതമായി പ്രവേശിക്കുന്നത് തൽസമയം കണ്ടെത്തി തടയുന്നതിന് അത്യാധുനികമായി 'ഇലക്ട്രോണിക് ഐ' എന്ന സംവിധാനം സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ പൂർത്തിയാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ചന്ദനസംരക്ഷണ നിയന്ത്രണം സംബന്ധിച്ച സംവിധാനങ്ങളുടെ ഫലപ്രാപ്തി ഉന്നത ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ പരിശോധിച്ച് ഉറപ്പുവരുത്തുന്നു. വിജിലൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നേതൃത്വത്തിലുള്ള ചന്ദന മോണിറ്ററിംഗ് സെൽ ചന്ദനസംരക്ഷണ നടപടികൾ കാലാകാലങ്ങളിൽ അവലോകനം ചെയ്തു വരുന്നതുമാണ്. ചന്ദന മോഷണ കേസുകളിൽ ഉണ്ടായിട്ടുള്ള ഗണ്യമായ കുറവ് മോഷണ നിയന്ത്രണ സംവിധാനം ഫലപ്രദമാണെന്ന് തെളിയിക്കുന്നു.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly